## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.227** **12.02.2019-ൽ മറുപടിയ്ക്ക്**

### പ്രളയബാധിതരായ പട്ടിക വിഭാഗക്കാരുടെ ക്ഷേമം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്<br>ശ്രീ.കെ.ബാബു<br>ശ്രീ.പി.ഉണ്ണി<br>ശ്രീ.പി.ടി.എ.റഹീം** | | **ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയബാധിത പ്രദേശങ്ങളിലെ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വ്യക്തമാക്കാമോ ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br>പ്രളയബാധിതരായ 82507 പട്ടികജാതി വിഭാഗ കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി ഓരോ കുടുംബത്തിനും 5000/-രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ ഇതുവരെയായി 33,37,60,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രളയത്തിൽ പൂർണ്ണമായി വീട് തകർന്ന 243 പേർക്ക് വീട് നിർമ്മിക്കുന്നതിനായി ധസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിൽ തകർന്ന 90 കോളനികൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഇതിലേക്കായി 42,69,00,000/-രൂപ അനുവദിച്ചിട്ടുണ്ട്. പ്രളയാനന്തരം ഭൂമി വാസയോഗ്യമല്ലാതായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br>കാലവർഷക്കെടുതിമൂലം ദുരന്തം ബാധിച്ചതും മുൻകരുതലുമെന്ന നിലയിലുമായി 7664 പട്ടികവർഗ കുടുംബങ്ങളെ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിച്ചിരുന്നു. നാശനഷ്ടങ്ങൾക്കും ആഘാതത്തിനും ഇരയായ 3355 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായമെന്ന നിലയിൽ 10,000/-രൂപ വീതം 2 ഘട്ടങ്ങളിലായി വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.480/18/D&MD തീയതി. 4-9-18 പ്രകാരം ഭക്ഷ്യേതര വസ്തുക്കൾ, ജില്ലാതല ഉദ്യോഗസ്ഥന്മാർ മുഖേന ദുരിതം നേരിട്ട് ബാധിച്ചവരും, പിന്നാക്കം നിൽക്കുന്നവരുമായ 32631 പട്ടികവർഗ കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്.<br>കാലവർഷക്കെടുതിമൂലം വീട് നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തിയോ, വകുപ്പിന്റെ ഭവനപദ്ധതിയിൽപ്പെടുത്തിയോ വീട് അനുവദിക്കുന്നതിന് നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു. ഭൂമി നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലാൻറ് ബാങ്ക് പദ്ധതിയിലും വനാവകാശ നിയമപ്രകാരവും നിക്ഷിപ്ത വനഭൂമി അനുവദിക്കുന്നതുൾപ്പെടെ ഭൂമി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>വയനാട് ജില്ലയിലെ 6 കോളനികളിലെ 144 കുടുംബങ്ങൾക്ക് 10 സെൻറിൽ കുറയാതെ ഭൂമി നൽകുന്നതിനായി 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിൽ 10 ഹെക്ടർ നിക്ഷിപ്ത വനഭൂമി 34 കുടുംബങ്ങൾക്ക് 50 സെന്റ് വീതം നൽകുന്നതിന് നടപടി അന്തിമഘട്ടത്തിലാണ്. പാലക്കാട് ജില്ലയിൽ 3.67 ഹെക്ടർ വനഭൂമി, വനാവകാശ നിയമപ്രകാരം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും, കാലവർഷക്കെടുതിയുടെ ദുരന്തത്തിനിരയായവർക്ക് പ്രത്യേക പരിഗണന നൽകുന്നതുമാണ്. |
| (ബി) | പ്രളയത്തിൽ കേടുപാടുകൾ സംഭവിക്കുകയും പൂർണ്ണമായി നശിക്കുകയും ചെയ്ത ഈ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും പുനർനിർമ്മിക്കുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>നിലവിൽ റവന്യൂ വകുപ്പ് വഴി ഈ വിഭാഗക്കാർക്കായി ധനസഹായം നൽകി വരുന്നതിനാൽ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടില്ല.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച വാസയോഗ്യമല്ലാത്തതായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ അറ്റകുറ്റപണി നടത്തുന്നതിനും പുനർനിർമ്മിക്കുന്നതിനും മുൻഗണന നൽകി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം കാലവർഷക്കെടുതിയിൽ വീട് നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തിയും വകുപ്പിന്റെ ഭവനപദ്ധതിയിൽപ്പെടുത്തിയും വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വാസയോഗ്യമല്ലാത്തതായി കണ്ടെത്തിയ 729 വീടുകളിൽ 289 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ ഒപ്പ് വെക്കുകയും ആയതിൽ 153 വീടുകൾക്ക് ആദ്യ ഗഡു അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധികൾ വീണ്ടെടുക്കുന്നതിന് വിവിധ കാർഷിക പദ്ധതികളും അനുബന്ധ പദ്ധതികളും മറ്റ് പുനരധിവാസ പദ്ധതികളും ആവിഷ്കരിക്കാൻ നടപടി | (സി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>പ്രളയാനന്തരം ഭൂമി നഷ്ടപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് മറ്റൊരു വാസയോഗ്യമായ ഭൂമി കണ്ടെത്തി ധനസഹായം അനുവദിക്കുന്നതിനും വീട് നഷ്ടപ്പെട്ടവർക്ക് വകുപ്പിന്റെ ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തുക |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | | അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രളയബാധിതരായ ഓരോ പട്ടികജാതി കുടുംബത്തിനും 5000 രൂപ വീതം ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>പ്രളയത്തിൽ കൃഷി ഭൂമി നഷ്ടപ്പെട്ടവർക്ക് ലാന്റ് ബാങ്കിലും മറ്റ് പദ്ധതികളിൽപ്പെടുത്തിയും ഭൂമി വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കാലവർഷക്കെടുതി മൂലം ദുരിതമനുഭവിച്ച അർഹരായ 3355 പട്ടികവർഗ കുടുംബങ്ങൾക്ക് 10,000/- രൂപ വീതം ആശ്വാസ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.<br>പാലക്കാട് ജില്ലയിലെ കരടിയോട് കോളനിയിൽ ഉരുൾപ്പൊട്ടലിനെ തുടർന്ന് കോളനി വാസയോഗ്യമല്ലെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ടി ജില്ലയിൽ ഉരുൾപ്പൊട്ടിൽ അമ്പലപ്പാറ, തോട്ടുകാട്, ഉപ്പുകളം എന്നീ കോളനികളിൽ മൈനിംഗ് ആൻറ് ജിയോളജി വകുപ്പ് സന്ദർശിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br>കോട്ടയം ജില്ലയിൽ മാധവശേരി കോളനി, ഇടുക്കി ജില്ലയിലെ വെണ്ണിയാനി, കാറ്റൂതി, പെരിയാർവാലി, ഗാന്ധിനഗർ എന്നീ കോളനികളും തൃശ്ശൂർ ജില്ലയിലെ ആനക്കയം കോളനിയിലെ പട്ടികവർഗക്കാർക്കും, ലാന്റ് ബാങ്കിലുൾപ്പെടുത്തി ഭൂമി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ 10 ഹെക്ടർ നിക്ഷിപ്ത വനഭൂമി 34 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.<br>എറണാകുളം ജില്ലയിൽ ജീവനോപാധി നഷ്ടപ്പെട്ട 34 പട്ടികവർഗ്ഗക്കാർക്ക് വകുപ്പിന്റെ സ്വയംതൊഴിൽ പദ്ധതിയിലുൾപ്പെടുത്തി ജീവനോപാധികൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ജീവനോപാധി നഷ്ടപ്പെട്ട 19 പേർക്ക് വളർത്തുമൃഗങ്ങൾ നൽകുന്നതിനായുള്ള ജില്ലാതല അനുമതി ലഭ്യമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**